യിട്ടുണ്ടോ, മന്ത്രിയുടെ അഭിപ്രായം ഇന്നും പഴയതുപോലെ നിലനിറുത്തുകയാണോ, വ്യത്യാസം വരുത്തിയിട്ടുണ്ടോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : എന്റെ അഭിപ്രായം, അഭിപ്രായങ്ങളും സ്വീകരിക്കാനും നിരാകരിക്കാനുമുള്ള എന്റെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു ഇതിനു ഉത്തരം പറയേണ്ട ആവശ്യമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഒരു കാലത്തു പണിമുടക്കുപോലും നിയമവിരുദ്ധമാണെന്നു കോടതികളും വിധിച്ചിട്ടില്ലേ ; തൊഴിലാളികളും പണിമുടക്കാൻ സാധിക്കാതെ, ഫെരാവോ അംഗീകരിച്ചാൽ കോടതി തീരുമാനംകൊണ്ടു അതു നിറുത്താൻ കഴിയുമെന്നാണോ വിശ്വാസം ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : തൊഴിലാളിവർഗ്ഗം സംഘടിതശക്തികൊണ്ട് ഓരോ പരിതഃസ്ഥിതിയിലും സ്വീകരിക്കുന്ന നടപടികളിൻമേൽ കോടതി എന്തു വിധിക്കുന്നു എന്ന് സംഗതമായ കാര്യങ്ങളും നമ്മുടെ മുമ്പിൽ ഉണ്ടെങ്കിൽ എന്തെങ്കിലും പറയാം ; അഭ്യൂഹപരമായിട്ട് എന്തെങ്കിലും പറയുന്നതു ശരിയായിരിക്കുകയില്ലെന്ന ഭയംകൊണ്ടാണ് അങ്ങനെ പറയുന്നത്.

ശ്രീ. പി. രാമലിംഗം : ഫെരാവോ അൺലാഫുൾ കൺഫൈൻമെന്റ് ആകുമ്പോൾ തെറ്റാണെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഏതെല്ലാം സാഹചര്യത്തിലാണ് ലാഫുൾ കൺഫൈൻമെന്റ് ഫെരാവോ നടത്താവുന്നത് ; ഏതെല്ലാം അവസരത്തിൽ അൺലാഫുൾ കൺഫൈൻമെന്റു ഫെരാവോ നടത്താം ; ഒന്നു ഡിഫൈൻ ചെയ്യാമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം കൽക്കട്ടാ ഹൈക്കോടതിയുടെ ഒരു വിധിയുണ്ടായിട്ടുണ്ട്. വളരെ പ്രാചീനകാലംമുതൽ, കൊട്ടാരത്തിന്റെ കോട്ടവളയംമുതൽ തുടങ്ങി, കല്യാണമണ്ഡപത്തിൽ വധൂവരൻമാർ ഹോമകുണ്ഡത്തിനു ചുറ്റും കറങ്ങുന്നതിനെ തുടർന്ന് ഇന്നു തൊഴിലാളിപ്രസ്ഥാനം മാനേജ്മെന്റിനെ വളഞ്ഞു വയ്ക്കുന്ന ചരിത്രപരമായ പാരമ്പര്യം ഇതിനുണ്ടെന്നാണു പറയുന്നത്.

தொழில் தகராறுகள்

* 244. [876] ஸ்ரீ. என். கணபதி : கீழ் காணும் விஷயங்களுக்கு லேபர் மந்திரி அவர்கள் விடை பகர்வார்களாக :

(எ) நமது மாநிலத்தில் ஒவ்வொரு மாவட்டத்திலும் 1969 ஜனவரி முதல் ஆகஸ்ட் மாதம் முடிய எத்தனை தொழில் தகராறுகள் ஏற்பட்டன ;

(பி) அவை எங்கெங்கு எந்தெந்த ஸ்தாபனங்களில் ஏற்பட்டன ;

(ஸி) அவைகளில் எத்தனை பைசல் செய்யப்பட்டன ;

(டி) எத்தனை பைசல் செய்யப்படாமல் கிடக்கின்றன என்றும், என்ன காரணங்களால் என்றும் கூறலாமா ;

(இ) அரசாங்க கம்பெனிகளிலும், தனியார் ஸ்தாபனங்களிலும் தனித்தனியாக எத்தனை பைசல் செய்யப்படாமல் கிடக்கின்றன என்று கூறப்படுமா ?

Minister for Labour (**Shri Mathai Manjooran**):

(*a*) to (*e*) Details are being collected.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കണപതി : സർ, മൂന്നൂർ പ്രദേശത്തിൽ തൊഴിലാളർകൾ നാലോ, ഐന്തോ പേർ ചേർന്നു നിക്കൊസ്ട്ടു കേട്ടാൽ സസ്പെൻഡോ, ഷോകാസ് നോട്ടീസ് കൊടുപ്പതും ആയുതത്തുടൻ പലാത്കാരം ചെയ്തതാക പോലീസ് കമ്പെനിക്കു സാതകമാക നടവടിക്കൈ എടുപ്പതെയും നിറുത്തപ്പടുമാ ?

Shri Mathai Manjooran : Does this question relate to the present question which has been answered just now or to the previous one ?

ശ്രീ. എൻ. കണപതി : സർ, തൊഴിലാളർകൾ മൂന്നൂർ പ്രദേശത്തിൽ നാലോ, ഐന്തോ പേർ ചേർന്നു നിക്കൊസ്ട് കേട്ടാൽ സസ്പെൻഡോ, ഷോകാസ് നോട്ടീസ് കൊടുപ്പതും ആയുതത്തുടൻ പലാത്കാരം ചെയ്തതാക പോലീസ് കമ്പെനിക്കു സാതകമാക നടവടിക്കൈ എടുപ്പതെയും നിറുത്തപ്പടുമാ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : അതിനെ സംബന്ധിച്ചു നിയമപരമായ നടപടി എടുത്തിട്ടുള്ളതാണ്.

ശ്രീ. എൻ. കണപതി : ഹൈറേഞ്ച് പാകത്തിൽ നടന്ത പോരാട്ടത്തൈപ് പറ്റി 1500 തൊഴിലാളികൾ സസ്പെൻട് ചെയ്തും ഷോകാസ് നോട്ടീസ് കൊടുത്തും ലീകൽ കെരാവോ ചെയ്തതൈയും കിരിമിനൽ കേസ് എടുക്കപ്പടുവതർകും എതാവതു കാരണം ഉണ്ടാ ; അതൈ നിറുത്തുമാ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : അതിന്റെ ഡീറ്റെയിൽസ് എന്റെ കയ്യിലില്ല. എങ്കിലും 1500 എന്നുള്ളതു 82 ആണെന്നു തോന്നുന്നു.

ശ്രീ. പി. രാമലിംഗം : നമ്മുടെ സംസ്ഥാനത്ത് തൊഴിൽ സമരത്തിൽ പോലീസ് ഇടപെടുകയില്ല എന്നുള്ള നയം ഇപ്പോഴും നിലനിൽക്കുകയാണെങ്കിൽ കൊരട്ടിയിലെ ജമ്നാ ത്രെഡ് മിൽ സമരത്തിൽ പോലീസ് ഇടപെടുകയും ലാത്തിച്ചാർജ് നടത്തുകയും വെടിവയ്ക്കുകയും ചെയ്തതിനു കാരണമെന്താണ് ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : സാധാരണ നിലയിൽ പോലീസ് തൊഴിൽ സമരങ്ങളിൽ ഇടപെടാറില്ല. പക്ഷേ തൊഴിൽ സമരം നടത്തുമ്പോഴും സമാധാനലംഘനം നടത്തുന്നുവെന്നു തോന്നുന്ന ഘട്ടത്തിൽ പോലീസ് ഇടപെട്ടാൽ അത് നിരോധിക്കുന്നതിനു യാതൊരു ഏർപ്പാടുകളും ചെയ്തിട്ടില്ല. ഇതു സാഹചര്യത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചായിരിക്കും.

ശ്രീ. കെ. എ. ശിവരാമഭാരതി : കൊരട്ടിയിലെ സംഭവത്തിൽ അങ്ങനെയല്ലെന്നും.....

ഡെപ്യൂട്ടി സ്പീക്കർ : കൊരട്ടിയിലെ സംഭവത്തെപ്പറ്റി ഇവിടെ അടിയന്തിരപ്രമേയം കൊണ്ടുവരികയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അതേപ്പറ്റി പറയേണ്ട.

ശ്രീ. ബി. മാധവൻ നായർ : തൊഴിൽ സമരത്തിന്റെയും തൊഴിൽ തർക്കത്തിന്റെയും എണ്ണം കുറയ്ക്കുന്നതിനു ഉപകരിക്കുന്ന നിലയിൽ ജില്ലാ ലേബർ ആഫീസറൻമാരായ ആളുകൾക്കു പ്രത്യേകിച്ചും കൺസിലിയേഷൻ ആഫീസറൻമാർക്കു മാനേജ്മെൻറിനെ സമൺചെയ്തു കൊണ്ടുവരുന്നതിനു കൂടുതൽ അധികാരം കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി മാഞ്ഞൂരാൻ : കൺസിലിയേഷൻ എന്നുള്ളതു സാർവ്വലൗകികമായ ഒരു പ്രസ്ഥാനമാണ്. അവിടെ സമൺചെയ്തു നിർബന്ധമായി വരുത്തിയിട്ടു അനുരഞ്ജനം നടത്തുക എന്നതു അനുരഞ്ജന നടപടികൾക്കു അനുയോജ്യമല്ലാത്തതായതുകൊണ്ടു അതു ചെയ്യാൻ സാധിക്കുകയില്ല. പിന്നീടു പ്രധാനമായിട്ടുള്ള ഒരു കാര്യം ഇവിടെ പ്രസ്താവ്യമായിട്ടുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം അടുത്ത കാലത്തു കൺസിലിയേഷനു വരാത്ത മാനേജ്മെൻറുകൾ ഉണ്ടോ എന്നു സംശയമാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടുന്നതിനെ സംബന്ധിച്ചിടത്തോളം തൊഴിൽ തർക്കങ്ങളിൽ കൺസിലിയേഷൻ നടപടികൾക്കു വിരുദ്ധമായി വരുന്ന സാഹചര്യത്തിൽ കൺസിലിയേഷൻ ആഫീസറൻമാരുടെ നിർദ്ദേശം പോലീസ് ഉദ്യോഗസ്ഥൻമാർ സ്വീകരിക്കണമെന്നുള്ള നിർദ്ദേശം നൽകുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : തൊഴിൽ സമരങ്ങൾമൂലം നേരിടുന്ന ആവശ്യങ്ങളെക്കുറിച്ചു സംഭാഷണം നടത്തുമ്പോൾ പോലീസ് ഏതു സന്ദർഭത്തിൽ ഇടപെടണമെന്നുള്ള കാര്യങ്ങളെ കുറിച്ചായിരിക്കുകയില്ല ചിന്തിക്കുന്നത്. എന്നാൽ അവിടെ നിയമസമാധാനലംഘനം ഉണ്ടാകുമ്പോഴോ ക്രിമിനൽ നിയമങ്ങൾക്ക് വിരുദ്ധമായ നടപടികൾ ഉണ്ടാകുമ്പൊഴോ അവിടെ പോലീസ് ഇടപെട്ടു എന്നു വരാം. അങ്ങനെ ഇടപെടുന്നതു തൊഴിൽ നിയമമനുസരിച്ചല്ല. തൊഴിൽ നിയമത്തിനു ബാധകമായിരിക്കുകയില്ല.

ശ്രീ. ഇ. ജോൺ ജേക്കബ് : ഈ നാട്ടിലെ മോഷണത്തൊഴിലാളികളുടെ പ്രശ്നത്തിലും പോലീസ് ഇടപെടുകയില്ലേ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : എൻെറ അറിവിൽ മോഷണം തൊഴിലായി എടുത്തിട്ടുള്ള ആളുകൾ ഇല്ല. അങ്ങനെ അറിയാവുന്നവർ ഉണ്ടെങ്കിൽ അവരവരുടെ നിഗമനത്തിൽ എത്തിച്ചേർന്നാൽ മതി.

ശ്രീ. കെ. എം. മാണി : സമാധാന ലംഘനം വന്നാൽ അവിടെ പോലീസിനെത്താമെന്നു പറയുകയുണ്ടായി. സമാധാന ലംഘനവും അക്രമപ്രവണതയും പുരോഗമനപരമായ ലക്ഷ്യങ്ങളാണ് എന്നു പ്രസ്താവിച്ച ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ നയപരിവർത്തനത്തിനുള്ള അടിസ്ഥാനം എന്താണ് ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഞാൻ ഊഹങ്ങൾക്കും അഭ്യൂഹങ്ങൾക്കും പ്രത്യേകിച്ചും പ്രതിപക്ഷത്തുനിന്നും ഉണ്ടാകുന്ന അഭ്യൂഹങ്ങൾക്കു മറുപടി പറയാറില്ല.

ശ്രീ. പി. രാമലിംഗം : കുളമാവു തൊഴിൽ സമരത്തെപ്പറ്റി അടിയന്തിരപ്രമേയം അവതരിപ്പിച്ചപ്പോൾ സമരം ചെയ്യുമ്പോൾ പോലീസ് എന്തു നിലപാടെടുക്കുമെന്നുള്ളതിനെപ്പറ്റി ഇവിടെ ഒരു പ്രസ്താവന ചെയ്യാമെന്നു മുഖ്യമന്ത്രി സമ്മതിച്ചിരുന്നതാണ്. എന്നാൽ ഒരു പ്രസ്താവനയും ഇതുവരെ ചെയ്തിട്ടില്ല. ലേബർ മന്ത്രി ഒരു പ്രസ്താവന ചെയ്യാൻ തയ്യാറാകുമോ ?

ഡെപ്യൂട്ടി സ്പീക്കർ : അതൊന്നും സാദ്ധ്യമല്ല.

ശ്രീ. കെ. എം. ജോർജ് : തൊഴിൽ മേഖലകളിൽ പ്രത്യേകിച്ചും സംസ്ഥാനത്തു പൊതുവേയും ലാ ലെസ്നസ് ഉണ്ടാകുമെന്നു ബഹുമാനപ്പെട്ട തൊഴിൽ മന്ത്രി പ്രസ്താവിച്ചതായി ഹിന്ദു തുടങ്ങിയ പത്ര

ങ്ങളിൽ പ്രസ്താവന വന്നിട്ടുള്ളതു ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എന്തുകൊണ്ടാണ് അങ്ങനെ പറയുവാൻ ഇടവന്നതെന്നു പറയുമോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഞാൻ പറഞ്ഞു എന്നു പറയുന്നതു എന്താണെന്നു പറയാതെ ഞാൻ പറഞ്ഞുവെന്നും ഞാൻ പറഞ്ഞിട്ടില്ലെന്നും അഭിപ്രായവ്യത്യാസം വന്നിട്ടുണ്ട്. ഇതിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ കഴിഞ്ഞ മാസം 24-ാം തീയതി കണ്ണാടി എന്നു പേരുള്ള വില്ലേജിൽ ഞാൻ നടത്തിയ ഒരു പ്രസംഗം 29-ാം തീയതി പി. ടി. ഐ. റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അതു സർവ്വാബദ്ധമാണെന്നു തമിഴ്നാട് ചീഫ് മിനിസ്റ്റർ ശ്രീ. കരുണാനിധിയോടു എന്റെ സ്വന്ത അഭിപ്രായം പറഞ്ഞിട്ടുണ്ട്.

ആരോഗ്യവകുപ്പിലെ പ്രമോഷനുകൾ

* 245 [877] ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, എം. കെ. ദിവാകരൻ:
,, ടി. എ. മജീദ്:

} താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ അടുത്തകാലത്തു നടന്ന ഏതെങ്കിലും പ്രമോഷനുകളെ സംബന്ധിച്ചു എന്തെങ്കിലും പരാതികളുണ്ടായിട്ടുണ്ടോ;

(ബി) ഇവയിലേതിനെയെങ്കിലും കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ചുണ്ടായ കോടതി വിധിയെന്ത്;

(ഡി) ക്ഷയം, കുഷ്ഠം എന്നീരോഗങ്ങൾ ചികൽസിക്കുവാൻ സ്പെഷ്യലൈസ് ചെയ്ത എത്ര വിദഗ്ദ്ധൻമാർ ഇന്നു മെഡിക്കൽ വകുപ്പിൽ ഉണ്ട്;

(ഇ) ലെപ്രസി സ്പെഷ്യൽ ആഫീസറായി നിയമിക്കപ്പെട്ടിരുന്ന ഡോ. ടി. എൻ. ഭട്ടതിരിപ്പാടിന് കുഷ്ഠരോഗ സംബന്ധമായി എന്തെങ്കിലും പ്രത്യേക പരീക്ഷായോഗ്യതയുണ്ടോ;

(എഫ്) ലെപ്രസി സ്പെഷ്യലാഫീസറായി നിയമിക്കപ്പെട്ടകാലം മുതലുള്ള സർവീസ് കണക്കാക്കി മുൻഗണന നൽകി ഡെപ്യൂട്ടി ഡയറക്ടറാക്കണമെന്നു കാണിച്ചു ശ്രീ. ഭട്ടതിരിപ്പാടു കൊടുത്ത അപേക്ഷ ഗവൺമെന്റും ഹൈക്കോടതിയും നിരസിക്കുകയുണ്ടായോ;

(ജി) ഈ ഗവൺമെന്റു മുൻ ഉത്തരവുകളേയും കോടതി വിധികളേയും മറികടന്നുകൊണ്ട് ശ്രീ. ഭട്ടതിരിപ്പാടിന് പ്രമോഷൻ കൊടുക്കുകയും അതു ഹൈക്കോടതി സ്റ്റേ ചെയ്യുകയുമുണ്ടായോ ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ):

(എ) ആരോഗ്യവകുപ്പിൽ.....

ശ്രീ. കെ. കരുണാകരൻ: സർ, ഈ മന്ത്രി മറുപടി പറയേണ്ട. ഈ സഭ അഴിമതിക്കാരനാണെന്നു വിധിയെഴുതിയപ്പോഴും ഈ സഭയോടു അൽപ്പമെങ്കിലും ബഹുമാനം ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം രാജിവെച്ചു പോകേണ്ടതായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അതു ഈ രാജ്യത്തിനു തന്നെ അഭിമാനകരമാകുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly